പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5363 05.07.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

# മൂക്കന്നിമല - അനധികൃത പാറഖനനം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ. ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃത പാറഖനനം നടന്നുവരുന്നത് തടയാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) പാറഖനനം നടത്തുന്ന ക്വാറികളുടെ വിവരം ശേഖരിക്കുന്നതിനായി ജില്ലാ തലത്തിൽ ക്വാറി മാപ്പിങ് നടത്തിവരുന്നു. അനധികൃത ക്വാറികൾ പരിശോധിക്കുന്നതിനും അനധികൃത ചെറുകിട ധാതുക്കൾ കടത്തുന്നതിനെതിരെയുള്ള പരിശോധന ത്വരിതപ്പെടുത്തുന്നതിനായി വകുപ്പിന്റെ മൂന്ന് മിനറൽ സ്ക്വാഡുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസ്, നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി എന്നിവയുടെ സഹായത്തോടെ വകുപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കുവാനും അതുവഴി അനധികൃത പാറഖനനം തടയുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തിരുവനന്തപുരം ജില്ലയിലെ മൂക്കന്നി-മലയിൽ പാറഖനനം നിരോധിച്ച് ഉത്തരവ് ഇറക്കിയതെന്നാണെന്നും, ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം ജില്ലയിലെ മൂക്കന്നി-മലയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C)No.20532/2010, 17088/2011 കേസ്സിൽ 07/02/2012 തീയതി റബ്ബർ കൃഷിക്കായി പതിച്ചുനൽകിയിട്ടുള്ള പട്ടയ ഭൂമിയിൽ പാറഖനനം നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും തുടർന്ന് ജില്ലാ |

| | |
|---|---|
| | കളക്ടറുടെ നിർദ്ദേശ പ്രകാരം വില്ലേജ് ആഫീസിൽ നിന്നും ഇത്തരം ഭൂമിയിൽ പാറഖനനം നിരോധിച്ചിട്ടുള്ളതുമാണ്. ടി പ്രദേശത്ത് എല്ലാവിധ പെർമിറ്റുകളോടും കൂടി പാറഖനനം ചെയ്തുവരുന്ന 8 പാറ ക്രഷർ ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതി യിൽ കേസ്സ് ഫയൽ ചെയ്യുകയും തുടർന്ന് നിയമാനുസരണം പെർമിറ്റോടുകൂടി പ്രവർത്തിക്കുന്നു. |
| (സി) ഈ സ്ഥലത്തിന് പട്ടയം നൽകുമ്പോൾ എന്താവശ്യത്തിനായി ഉപയോഗിക്കണ മെന്നാണ് നിഷ്കർഷിച്ചിരുന്നത്; | (സി) മൂക്കന്നിമലയിലെ ഭൂമി പതിച്ച് നൽകിയിട്ടുള്ളത് റബ്ബർ കൃഷിക്കാണ്. |
| (ഡി) പ്രസ്തുത നിർദ്ദേശം ലംഘിച്ചാൽ സ്ഥലം സർക്കാർ ഏറ്റെടുക്കുമെന്ന വ്യവസ്ഥയുണ്ടായിരു ന്നെങ്കിൽ അപ്രകാരം സ്ഥലം സർക്കാർ ഏറ്റെടുക്കാത്തതിന്റെകാരണം വ്യക്തമാക്കുമോ? | (ഡി) 1970-കളിൽ വെള്ളറട ഭൂമിപതിവ് സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം മുഖേനയാണ് മൂക്കന്നിമലയിൽ റബ്ബർ കൃഷിക്കായി ഭൂമി പതിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത ഭൂമിപതിവു സംബന്ധിച്ച രേഖകൾ പൂർണ്ണമായ തോതിൽ ലഭ്യമല്ലാത്തതിനാൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ റബ്ബർകൃഷിക്കായി പതിച്ച് നൽകിയതായി കണ്ടെത്തിയ സ്ഥലങ്ങളിൽ പാറഖനനം നിർത്തിവച്ചുകൊണ്ട് നടപടികൾ സ്വീകരി ക്കുകയും എന്നാൽ പ്രസ്തുത സ്ഥല ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ഇതു സംബന്ധിച്ച് ഒമ്പത് കേസുകൾ ഹൈക്കോടതിയുടെ പരിഗണന യിലുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി യുടെ അന്തിമ വിധിക്കനുസൃതമായി നടപടികൾ സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ